# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് - ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി വാങ്ങിയ ഭൂമിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവന രഹിതർക്ക് വീട് വയ്ക്കുന്നതിനായി ഭൂമി വിട്ടു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.2990/2010/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, സെപ്റ്റംബർ.13, 2010.

---

**പരാമർശം :-**

1. സ.ഉ. (സാധാ) 395/2010/ത.സ്വ.ഭ.വ. തീയതി 04-02-2010.
2. അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 01-07-2010-ലെ 1 (3)-ാം നമ്പർ തീരുമാനം.
3. അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21-07-2010-ലെ എ2-263/08-ാം നമ്പർ കത്ത്.

## ഉത്തരവ്

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 1999-2000 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയിട്ടുള്ള അയ്യമ്പുഴ വില്ലേജ്, ബ്ലോക്ക് 20, റീസർവ്വേ 28/1 (സർവ്വേ നമ്പർ 409/2എ/4 409/2 ബിയിൽപ്പെട്ട 19 ആർ 50 ച.മീ. അയ്യമ്പുഴ വില്ലേജ്, ബ്ലോക്ക് 20, റീസർവ്വേ 20/3/2 20/311, 20/9, 18/3 (സർവ്വേ നമ്പർ 410 2 എ1, 411/1/4, 411/1-1, 410/2 ബി)-യിൽപ്പെട്ടതുമായ 44 ആർ സ്ഥലവും അടക്കം 63 ആർ 50 ച.മീ. സ്ഥലത്തു നിന്നും 35 ആർ സ്ഥലം ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിനായി പരാമർശം (1) പ്രകാരം അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ ഏറ്റെടുത്ത 35 ആർ സ്ഥലത്തിന് പുറമേ ഇതേ സർവ്വേ നമ്പരിൽപ്പെട്ട 5.469 ആർ സ്ഥലം കൂടി പ്രസ്തുത ആവശ്യത്തിനായി വിട്ടുനൽകാൻ പരമാർശം (2) പ്രകാരം തീരുമാനിക്കുകയും പരമാർശം (3) പ്രകാരം അനുമതിയ്ക്കായി സർക്കാരിനോട് അപേക്ഷിക്കുകയും ചെയ്തു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ പരമാർശം(2)-ലെ തീരുമാനത്തിന്റേയും പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷയുടേയും അടിസ്ഥാനത്തിൽ പരാമർശം (1)-ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയ ഭൂമിയ്ക്കു പുറമേ അതേ സർവ്വേ നമ്പരുകളിൽപ്പെട്ട 5.469 ആർ സ്ഥലം കൂടി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവന രഹിതർക്ക് വീട് വയ്ക്കുന്നതിനായി അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
(ഒപ്പ്)
**ലതാപണിക്കർ,**
അണ്ടർ സെക്രട്ടറി.

(മറുപുറം)

To

സെക്രട്ടറി, അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്, എറണാകുളം.

ജില്ലാ കളക്ടർ, എറണാകുളം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.